**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3601** **02-03-2023 - ൽ മറുപടിയ്ക്ക്**

**ആശ്വാസ കിരണം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. പി. കെ. ബഷീർ,<br>ഡോ. എം. കെ. മുനീർ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മാനസിക വെല്ലുവിളികൾ നേരിടുന്നവരെയും ശാരീരിക വൈകല്യം ബാധിച്ചവരേയും കാൻസർ രോഗികളെയും പരിചരിക്കുന്ന സഹായികൾക്ക് ആശ്വാസ കിരണം പദ്ധതിയിൽ ധനസഹായം വിതരണം ചെയ്യുന്നുണ്ടോ; | (എ) | മാനസിക വെല്ലുവിളികൾ നേരിടുന്നവരേയും ശാരീരിക വൈകല്യം ബാധിച്ചവരേയും കാൻസർ രോഗികളേയും പരിചരിക്കുന്ന സഹായികൾക്ക് ആശ്വാസകിരണം പദ്ധതിയിൽ ധനസഹായം വിതരണം ചെയ്യുന്നുണ്ട്. 11.10.2012 തീയതിയിലെ സ.ഉ (എം.എസ്) നം.60/2012/സാ.ക്ഷേ.വ ഉത്തരവ് പ്രകാരം ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡം ലഘൂകരിക്കുകയും ആനുകൂല്യം ലഭിക്കുന്ന ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽപാൾസി, മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ, എന്നിവർക്ക് പുറമെ 100% അന്ധത, പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലായവരെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായിട്ടുള്ള മുഴുവൻ ആളുകളുടെ പരിചാരകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്. |
| (ബി) | ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | മാനസിക വെല്ലുവിളികൾ നേരിടുന്നവരേയും ശാരീരിക വൈകല്യം ബാധിച്ചവരേയും കാൻസർ രോഗികളേയും പരിചരിക്കുന്ന സഹായികൾക്ക് ആശ്വാസകിരണം പദ്ധതിയിൽ ധനസഹായം വിതരണം ചെയ്യുന്നുണ്ട്. 11.10.2012 തീയതിയിലെ സ.ഉ (എം.എസ്) നം.60/2012/സാ.ക്ഷേ.വ ഉത്തരവ് പ്രകാരം ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡം ലഘൂകരിക്കുകയും ആനുകൂല്യം ലഭിക്കുന്ന ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽപാൾസി, മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ, എന്നിവർക്ക് പുറമെ 100% അന്ധത, പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലായവരെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായിട്ടുള്ള മുഴുവൻ ആളുകളുടെ |

| | | | |
|---|---|---|---|
| | | | പരിചാരകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി എന്നത്തേക്ക് പുനരാരംഭിക്കാൻ കഴിയും; സഹായ ധനം വർദ്ധിപ്പിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | ആശ്വാസകിരണം പദ്ധതിപ്രകാരം അർഹരായ ഗുണഭോക്താക്കൾക്ക് നിലവിൽ ധനസഹായം നൽകിവരുന്നുണ്ട്. 2022-2023 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിക്കായി 42.5 കോടി രൂപയുടെ ഭരണാനുമതി നല്കിയിരുന്നു. അതിലെ ആദ്യ ഗഡുവായി ലഭിച്ച 10 കോടി രൂപയിൽ 9,86,20,800 രൂപ ചെലവഴിച്ച് 7 ജില്ലകളിൽ 5 മാസത്തെ കുടിശ്ശികയും, ബാക്കി 7 ജില്ലകളിൽ 4 മാസത്തെ കുടിശ്ശികയും ലൈഫ് സർട്ടിഫിക്കറ്റ്, ബാങ്ക്, ആധാർ വിവരങ്ങൾ ലഭ്യമാക്കിയ 34,965 ഗുണഭോക്താക്കൾക്ക് ധനസഹായമായി അവരുടെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്തു. നടപ്പ സാമ്പത്തിക വർഷം വകയിരുത്തിയ ബഡ്ജറ്റ് വിഹിതത്തിൽ അവശേഷിക്കുന്ന തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>പ്രതിമാസം 525/- രൂപയായിരുന്ന ആശ്വാസകിരണം പദ്ധതി ധനസഹായം 21/10/2016 തീയതിയിലെ സ.ഉ (എം.എസ്.) നം. 51/2016/സാ.നീ.വ. പ്രകാരം 600/- രൂപയായി വർദ്ധിപ്പിച്ചിരുന്നു. പ്രസ്തുത തുക വീണ്ടും വർദ്ധിപ്പിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ